**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഇ.എം.എസ്. ഭവന പദ്ധതി - ഭൂരഹിത-ഭവനരഹിത ഗുണഭോക്താക്കൾ ഭൂമി നേരിട്ട് കണ്ടെത്തി വിലയ്ക്ക് വാങ്ങിയാൽ അനുവദിക്കാവുന്ന ധനസഹായത്തിന്റെ നിരക്ക് വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്**

സ.ഉ.(സാധാ)നം. 597/2011/തസ്വഭവ — തിരുവനന്തപുരം, തീയതി: 24-02-2011

പരാമർശം:
1. സ.ഉ.(എം.എസ്.)നം.207/2009/തസ്വഭവ; തീയതി 07.11.2009.
2. സർക്കുലർ നം.34248/ഡി.ബി.1/10/തസ്വഭവ; തീയതി 06.08.10.
3. സ.ഉ.(സാധാ.)നം.571/2010/തസ്വഭവ; തീയതി 22.02.2010.
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 25.01.2011-ലെ 2.1 (4)-ാം നമ്പർ തീരുമാനം.

## ഉത്തരവ്

ഭൂരഹിത-ഭവനരഹിതർ വീട് നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം നേരിട്ട് കണ്ടെത്തി വിലയ്ക്ക് വാങ്ങിയാൽ ചില നിബന്ധനകൾക്ക് വിധേയമായി ധനസഹായം അനുവദിക്കാമെന്ന് പരാമർശം 1 പ്രകാരം പുറപ്പെടുവിച്ച മാർഗരേഖയുടെ ഖണ്ഡിക 10.4(2)-ൽ വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപ്രദേശങ്ങളിലെ പട്ടികജാതിക്കാർ, പട്ടികവർഗക്കാർ, ആശ്രയ കുടുംബങ്ങൾ, റെയിൽവേ-റോഡ്-കനാൽ പുറമ്പോക്കുകളിൽ താമസിക്കുന്നവർ എന്നിവർക്ക് 75,000 രൂപയും മറ്റുള്ളവർക്ക് 37,500 രൂപയുമാണ് നിലവിൽ അനുവദിക്കാവുന്ന പരമാവധി ധനസഹായം.

2. ഭൂരഹിത-ഭവനരഹിതർക്ക് സ്ഥലം ലഭ്യമാക്കാൻ ഐ.എ.വൈ. പദ്ധതിയിൽ അനുവദനീയമായ 10,000 രൂപ കൂടി സംയോജിപ്പിച്ച് മേൽപറഞ്ഞ പരിപാടിയുടെ ധനസഹായ തുക ഗ്രാമപ്രദേശങ്ങളിൽ താഴെപ്പറയുന്നത് പ്രകാരം വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവാകുന്നു.

- പട്ടികജാതിക്കാർ, പട്ടികവർഗക്കാർ, ആശ്രയ കുടുംബങ്ങൾ, റെയിൽവേ-റോഡ്-കനാൽ പുറമ്പോക്കുകളിൽ താമസിക്കുന്നവർ മുതലായവർ – 85,000 രൂപ
- മറ്റുള്ളവർ – 38,500 രൂപ

3. മുൻഖണ്ഡികയിൽ പ്രതിപാദിച്ചിട്ടുള്ള സബ്സിഡി ലഭ്യമാക്കുന്നതിന് ഐ.എ.വൈ.പദ്ധതിയിൽ അനുവദനീയമായ 10,000 രൂപ കൂടി സംയോജിപ്പിച്ചു കൊണ്ട് പ്രോജക്ടുകൾ നടപ്പാക്കേണ്ടതാണ്. ഐ.എ.വൈ പദ്ധതിയിൽ നിന്നും 10,000 രൂപ ലഭ്യമാക്കുന്നതിന് ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടറിൽ നിന്നും ഈ തുക മുൻകൂർ ലഭ്യമാക്കി ഗുണഭോക്താവിന് നൽകുന്ന രീതിയോ അതല്ലെങ്കിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ ലഭ്യമായ വിഹിതം (വായ്പയുൾപ്പെടെ) വിനിയോഗിച്ച് 10,000 രൂപ കൂട്ടിച്ചേർത്ത് ധനസഹായം നൽകിയതിനുശേഷം പ്രോജക്ട് ഡയറക്ടറിൽ നിന്നും 10,000 രൂപ റീ ഇംബേഴ്സ്മെന്റ് ആയി വാങ്ങുന്ന രീതിയോ അവലംബിക്കാവുന്നതാണ്. പ്രോജക്ട് ഡയറക്ടറിൽ നിന്നും തുക ലഭ്യമാക്കുന്നതിന് പരാമർശം 3 പ്രകാരം പുറപ്പെടുവിച്ച ഉത്തരവിലെ മാർഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

4. വർദ്ധിപ്പിച്ച നിരക്കിന് ഈ ഉത്തരവിന്റെ തീയതി മുതൽ പ്രാബല്യമുണ്ടാ യിരിക്കുന്നതും ഉത്തരവിന്റെ തീയതിക്കുശേഷം കരാറിൽ ഏർപ്പെടുന്ന ഗുണഭോക്താക്കൾക്ക് ഈ ഉത്തരവിലെ മറ്റ് നിബന്ധനകൾക്ക് വിധേയമായി വർദ്ധിപ്പിച്ച ധനസഹായ തുക ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതുമാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**എസ്.എം.വിജയാനന്ദ്**
അഡീഷണൽ ചീഫ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
8 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
9 ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
10 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
11 മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്
12 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
13 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
14 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
15 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
16 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ)
17 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
18 എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
19 എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർമാർക്കും (ജനറൽ)
20 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
21 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
22 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
23 എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
24 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
25 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
26 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
27 സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
28 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
29 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
30 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
31 ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. സഹകരണ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഓഫീസ്
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
4. തദ്ദേശസ്വയംഭരണ ഡി.എ/ഡി.സി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്